സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

St. George ALP School Kolavayal

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

03/06/2025 മുതൽ 13/06/2025 വരെ നടന്ന പ്രവർത്തന റിപ്പോർട്ട്.

സമഗ്രഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്ന ഘട്ടമാണിത്. കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ സ്കൂൾ തുറന്ന് 03/06/2025 മുതൽ 13/06/2025 വരെ സ്കൂളുകളിൽ നടപ്പാക്കുകയുണ്ടായി. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരുന്നു. ജൂൺ ആദ്യ വാരം മുതൽ കൃത്യമായി അവ നടപ്പാക്കുകയും ചെയ്തു. പ്ലാനിൽ കുട്ടികളിൽ ഉളവാകേണ്ട മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പദ്ധതികൾ ഉറപ്പാക്കിയിരുന്നു. 03/06/2025 മുതൽ ഒരു ദിവസം ഒന്നര മണിക്കൂർ ഈ പ്രവർത്തനങ്ങൾക്കായി നീക്കി വെച്ചിരുന്നു.

03/6/2025 — പൊതുവിഷയങ്ങൾ.

രാവിലെ ഒരു മണിക്കൂർ ആയിരുന്നു പ്രവർത്തന സമയം. ആദ്യമായി സ്കൂളിൽ എത്തിയ കുട്ടികൾ മുത 3 വർഷം വരെ പഠനം പൂർത്തിയാക്കിയ കുട്ടികളും സ്കൂളിലെത്തി. എല്ലാ ക്ലാസിലും പരിചയം പുതുക്കുകയും വിശേഷങ്ങൾ പങ്കുവെക്കുകയും ചെയ്തു. അവധിക്കാല വിശേഷങ്ങൾ പറഞ്ഞും കേട്ടും ആസ്വദിച്ചു. ശേഷം പുതിയ അധ്യായന വർഷത്തിൽ സ്കൂൾ നിരീക്ഷണയാത്ര നടത്തി. സ്കൂളിൽ പാലിക്കേണ്ട

മര്യാദകൾ അച്ചടക്കം എന്നിവ ചർച്ച ചെയ്തു. അധ്യാപിക ക്രോഡീകരിച്ചു. കഥകളും പാട്ടുകളുമായി കുട്ടികളിലെ ജിജ്ഞാസയും സന്തോഷവും ഇരട്ടിയായി.

04/06/2025 – ട്രാഫിക് നിയമങ്ങൾ.

എൽ. പി. തലത്തിൽ വിവിധ ഗതാഗത സംവിധാനങ്ങളെ കുറിച്ച് ചർച്ച നടന്നു. റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തൽ, - റോഡിലൂടെ വണ്ടികളായും കാൽനടയാത്രക്കാരായും മോക്ഡ്രിൽ, റോൾ പ്ലേ - സ്കൂൾബസ്/ഓട്ടോ യാത്രകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി.

05/06/2025 – ശുചിത്വം.

വ്യക്തിശുചിത്വത്തെക്കുറിച്ച് പാട്ടുകൾ പാടിയും കഥ പറഞ്ഞും പ്രവർത്തനം ആരംഭിച്ചു. ശുചിത്വ സർവ്വേ പൂർത്തിയാക്കി. ശേഷം പരിസരശുചിത്വം നിരീക്ഷിക്കാനായി പ്രകൃതി നടത്തം സംഘടിപ്പിച്ചു. സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ചർച്ച നടത്തി. സ്കൂളിലെ ജൈവ വൈവിധ്യ ഉദ്യാനം ക്രമീകരിച്ചു. ശുചിത്വം നിത്യജീവിതത്തിന്റെ ഭാഗമാക്കാൻ കുട്ടികളെ ഉദ്ബോധിപ്പിച്ചു.

09/6/2025 – പൊതു ആരോഗ്യം.

നമ്മുടെ ശരീരത്തിന്റെ തല തൊട്ടു പാദം വരെയുള്ള പരിപാലനം ശ്രദ്ധ എന്നിവ ക്ലാസിൽ ചർച്ച നടത്തി. പോഷണം, ശുചിത്വം, വ്യായാമം, നല്ല ഉറക്കം, മനസിന്റെ സന്തോഷം, ആരോഗ്യ മര്യാദകൾ എന്നിവ ചർച്ച

ചെയ്തു. വ്യായാമം പരിശീലനം, മൃഗങ്ങളെപ്പോലെ നടക്കാം (game), ബലൂൺ തട്ടി കളി - കളികൾ, ആരോഗ്യ പ്രതിജ്ഞ ചൊല്ലൽ, ദന്ത സംരക്ഷണം - ഡെമോൺസ്ട്രേഷൻ - പല്ലുതേക്കൽ, മാനസികാരോഗ്യം - ചർച്ച, സുംബ പരിശീലനം എന്നിവ നടത്തി.

10/06/2025 - ഡിജിറ്റൽ അച്ചടക്കം.

ഡിജിറ്റൽ ഉപകരണങ്ങൾ ഏവയെന്നും ഉപയോഗവും ചർച്ച നടത്തി. ശേഷം മൊബൈൽ ഫോൺ ദുരുപയോഗം മൈമിംഗ് നടത്തി. പോസ്റ്റർ രചന, റോൾപ്ലേ തുടങ്ങിയ ക്ലാസ് തലത്തിൽ സംഘടിപ്പിച്ചു. ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം എങ്ങനെയെന്ന് ക്രോഡീകരണം അധ്യാപിക നൽകി.

11/06/2025 - പൊതുമുതൽ സംരക്ഷണം.

പൊതുസ്ഥലങ്ങൾ / പൊതുമുതൽ ചർച്ച, സാധനങ്ങൾ അടുക്കും ചിട്ടയോടും ക്രമീകരിക്കൽ, ക്ലാസ്റൂം ഉപകരണങ്ങളുടെ ഉപയോഗവും ഉത്തരവാദിത്വവും ചർച്ച നടത്തി. പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകൾ - ICT സഹായത്തോടെ വീഡിയോ പ്രദർശനവും നടത്തി.

12/06/25 - പരസ്പരസഹകരണത്തിന്റെ പ്രാധാന്യം

ജീവിത സന്ദർഭങ്ങൾ - റോൾപ്ലേ - ബസ്യാത്ര, ക്ലാസ്റൂമിലെ പരസ്പര സഹകരണം ചർച്ച നടത്തി. സ്കൂളിലെ പരസ്പരസഹകരണം ചർച്ചക്ക് ശേഷം ക്രോഡീകരിച്ചു.

13/06/25 — പൊതുക്രോഡീകരണം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം - 03/06/25 മുതൽ നടന്ന പ്രവർത്തനങ്ങൾ, ചർച്ചകൾ, വിവിധ വിഷയങ്ങൾ അധ്യായങ്ങൾ എന്നിവ ഒന്നുകൂടി ഓർത്തെടുക്കാനും ഗുണമേന്മാ വിദ്യാഭ്യാസം എങ്ങനെയാവണം എന്നു ഉറപ്പിക്കാനും അവസാന ദിവസം പ്രയോജനപ്പെടുത്തി.

ഉത്തമ പൗരന്മാരായി സമൂഹത്തിനും കുടുംബത്തിനും ഗുണാത്മകമായി വളരാൻ ഈ പ്രവർത്തനങ്ങളുടെ തുടർച്ച സ്കൂളുകളിൽ ഉണ്ടാവണം. കുട്ടികളുടെ സമഗ്രമായ വികാസവും വളർച്ചയും നല്ല വിദ്യാഭ്യാസത്തിലൂടെയാവാൻ ഞങ്ങളുടെ സ്കൂൾ എല്ലാവിധത്തിലും സജ്ജരാണ്.

അക്കാദമിക മാസ്റ്റർ പ്ലാൻ : സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതി

| ലക്ഷ്യം | പ്രവർത്തനം | തിയ്യതി |
|---|---|---|
| * കുട്ടികൾക്ക് പരസ്പരം അറിയാനും സൗഹൃദം സ്ഥാപിക്കാനും അവസരമൊരുക്കുക.<br>* വിദ്യാലയത്തെയും സൗകര്യങ്ങളെയും പരിചയപ്പെടുത്തുക<br>* പുതിയ അധ്യയന വർഷത്തിലെ സാധ്യതകളും വിഭവങ്ങളും കുട്ടികളെ ബോധ്യപ്പെടുത്തുക. | * പരിചയപ്പെടാം, പങ്കുവെക്കാം<br>* അവധിക്കാല വിശേഷങ്ങൾ പങ്കുവെക്കൽ<br>* സ്കൂൾ നിരീക്ഷണ യാത്ര ഓഫീസ് റൂം / സ്റ്റാഫ് റൂം, ക്ലാസ് റൂമുകൾ, അടുക്കള, ഗ്രൗണ്ട്, ടോയ്‌ലെറ്റുകൾ, ലൈബ്രറി, കളിസ്ഥലം, etc.<br>* ചർച്ച – സ്കൂളിൽ പാലിക്കേണ്ട മര്യാദകൾ, | 03/06/2025 |
| * വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട | * ചർച്ച – റോഡ് യാത്ര<br>* സീബ്ര ക്രോസ് - ഉപയോഗം ചർച്ച | 04/06/2025 |

| | | |
|---|---|---|
| നിയമങ്ങളെക്കുറിച്ചുള്ള ധാരണ നൽകൽ. | * ചർച്ച - ട്രാഫിക് സിഗ്നലുകൾ<br>* മോക് ഡ്രിൽ - റോഡും വണ്ടികളും.<br>* റോൾപ്ലേ - സ്കൂൾ ബസ്/ഓട്ടോ യാത്രകൾ. | |
| * വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയുടെ നൽകേണ്ട പ്രാധാന്യം മനസിലാക്കുക. ജീവിതരീതി, ജീവിതശൈലി, മനോഭാവം എന്നിവയിൽ ശാസ്ത്രീയമായ സമീപനം കൈക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കുക. | * ശുചിത്വ' പാട്ടുകൾ പാടുന്നു.<br>* സർവ്വേ ഫോം (ശുചിത്വം) പൂർത്തിയാക്കുന്നു.<br>* പ്രകൃതി നടത്തം<br>* ചർച്ച - പരിസര ശുചിത്വം പ്രാധാന്യം/ആവശ്യകത<br>* സ്കൂളിൽ പരിസ്ഥിതി ദിനാഘോഷം<br>* പച്ചക്കറി തൈ നടൽ - പച്ചക്കറി കൃഷി ആരംഭം<br>* വൃക്ഷതൈ നടൽ<br>* ഇഞ്ചി കൃഷി ആരംഭം | 05/06/2025 |

| ലക്ഷ്യം | പ്രവർത്തനം | തിയ്യതി |
|---|---|---|
| * പോഷണം, ശുചിത്വം, ആരോഗ്യം, കായികക്ഷമത, വ്യായാമം, ആരോഗ്യ മര്യാദകൾ അറിയുകയും നിത്യജീവിതത്തിന്റെ ഭാഗമാക്കേണ്ടതിന്റെയും ആവശ്യകത മനസിലാക്കുക. | * കഥ അവതരണം<br>* നല്ല ഭക്ഷണം - പോഷണം ചർച്ച<br>* ഒഴിവാക്കേണ്ട ഭക്ഷണശീലങ്ങൾ ചർച്ച<br>* വ്യായാമം - പരിശീലനം<br>* മൃഗങ്ങളെപ്പോലെ നടക്കാം - (game)<br>* ബലൂൺ തട്ടി കളി - കളികൾ<br>* ആരോഗ്യ പ്രതിജ്ഞ ചൊല്ലൽ<br>* ദന്തസംരക്ഷണം - ഡെമോൺസ്ട്രേഷൻ - പല്ലുതേക്കൽ<br>* മാനസികാരോഗ്യം - ചർച്ച<br>* സുംബ പരിശീലനം. | 09/06/2025 |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | തീയതി |
| --- | --- | --- |
| *ഡിജിറ്റൽ അച്ചടക്കം പാലിക്കുക. പരിശീലിക്കുക. ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ട് എന്ന് തിരിച്ചറിയുക. | * ചർച്ച - വീട്ടിലെ ഡിജിറ്റൽ ഉപകരണം - ഉപയോഗം.<br>* മൈമിംഗ്.<br>* പോസ്റ്റർ നിർമ്മാണം - ഡിജിറ്റൽ അച്ചടക്കം - TV/ഫോൺ ഉപയോഗത്തിന്റെ ദോഷവശങ്ങൾ<br>* ചിത്ര രചന - ഉപകരണങ്ങളുടെ ഉപയോഗം (Digital)<br>* റോൾ പ്ലേ - സമൂഹമാധ്യമങ്ങളുടെ ഉപയോഗം.<br>* കഥാ രചന | 10/06/2025 |

| ലക്ഷ്യം | പ്രവർത്തനം | തിയ്യതി |
| --- | --- | --- |
| പൊതുമുതൽ സംരക്ഷണം<br>* പൊതുമുതൽ സംരക്ഷണവും അതിന്റെ അവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക. | * പൊതുസ്ഥലങ്ങൾ/പൊതുമുതൽ ഏവ – ചർച്ച<br>* സ്വന്തം സാധനങ്ങൾ അടുക്കും ചിട്ടയോടും ക്രമീകരിക്കൽ<br>* ക്ലാസ് റൂം ഉപകരണങ്ങളുടെ ഉപയോഗവും ഉത്തരവാദിത്വവും – ചർച്ച<br>* പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകൾ – ICT സഹായത്തോടെ വീഡിയോ പ്രദർശനം.<br>* | 11/06/2025 |

| ലക്ഷ്യം | പ്രവർത്തനം | തിയ്യതി |
|---|---|---|
| *കുട്ടികളിൽ പരസ്പര സഹകരണത്തിന്റെ പ്രാധാന്യം മനസിലാക്കുന്നതിന്. വ്യക്തി ജീവിതത്തിനും സാമൂഹ്യ ജീവിതത്തിനും പരസ്പര സഹകരണം അനിവാര്യ മാണ് എന്ന് തിരിച്ചറിയുന്നു. | * റോൾ പ്ലേ - ജീവിത സന്ദർഭങ്ങൾ ബസ് യാത്ര, പൊതുസ്ഥലങ്ങൾ etc<br>* ക്ലാസ് റൂമിലെ പരസ്പര സഹകരണം - ചർച്ച<br>* വീട്ടുജോലികൾ - കുടുംബത്തിന്റെ കൂട്ടായ സഹകരണം.<br>* സ്കൂളിലെ പരസ്പരസഹകരണം ചർച്ച.<br>* വൈകാരിക നിയന്ത്രണം - ചർച്ച. | 12/06/25 |
| 3/06/25 മുതൽ 12/06/25 വരെ നടന്ന വിവിധ വിഷയങ്ങളുടെ സമഗ്രമായ ബോധീകരണം. | * ഓരോ ദിവസത്തെയും വിഷയങ്ങൾ - ഓർമ്മിക്കൽ.<br>* ഉത്തമ പൗരനാകാം രാജ്യത്തിനായി<br>* ICT - നല്ല പൗരന്മാരാകാം നാടിനായി. | 13/06/25 |

## ഉപമേഖല - മലയാളം

### പ്രവർത്തനം 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ഭാഷാശേഷി വികസനം | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദ നിർമ്മാണം<br>4) വാക്യ നിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 2 മാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ<br>SRG | PTA. Dept |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | → അക്ഷരക്ലാസ്<br>→ C-Smile പഠനം. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 2.) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2) ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3) പുതുവർഷം പുസ്തകവർഷം (ലൈബ്രറി പുസ്തകശേഖരണം)<br>4) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5) സ്കൂൾ ലൈബ്രറി നവീകരണം<br>6) റീഡിംഗ് റൂം (മൂല) ഒരുക്കൽ)<br>7) വായനോത്സവം സംഘടിപ്പിക്കൽ<br>8) ജന്മദിന പുസ്തകം<br>9) പത്രവായന | 6 മാസം<br>1 വർഷം<br><br>" | വിദ്യാരംഗം ചാർജ്ജ് ടീച്ചർ<br><br>മലയാളം അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ | 3 മാസം | വിദ്യാരംഗം | PTA |
| | ഓരോ ക്ലാസിനും പത്രം | | | |
| | രാവിലെ പ്രധാന വാർത്തകളുടെ അവതരണം, പത്ര ക്വിസ് (അസംബ്ലി) | ദിവസേന | അധ്യാപകർ | PTA |
| 2. സർഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ | | | |
| | കവിതാലാപനമത്സരം | വർഷത്തിൽ 1 തവണ | SRG വിദ്യാരംഗം | PTA |
| | ക്ലാസ് തല, സ്കൂൾ തല പത്രം | മാസത്തിൽ 1 തവണ | " | |
| | പുസ്തക ചർച്ച | | | |
| | പുസ്തകാസ്വാദനം. വായന അമ്മമാർക്കൊരു പുസ്തകം (വീടുകളിലേക്ക്) | | | |

പ്രവർത്തനം – വിശദാംശങ്ങൾ

ഉപമേഖല – ഇംഗ്ലീഷ് ഭാഷാപഠനം

പ്രവർത്തനം 1 – ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും. | ബന്ധപ്പെട്ട ടീച്ചർ | |
| | 2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>– ഇംഗ്ലീഷിൽ self Introduction, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | English club സെക്രട്ടറി, ക്ലാസ് ടീച്ചർ | |
| | 3) ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | 4) ഇംഗ്ലീഷിൽ ഡയറിയെഴുത്ത്. – ഓരോ കുട്ടിയും. | എല്ലാ ദിവസവും തുടർച്ചയായി | ഇംഗ്ലീഷ് അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| വായന പരിപോഷിപ്പിക്കൽ | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ - വായനാക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി. | |
| ഇംഗ്ലീഷ് ഭാഷ മടികൂടാതെ അനായാസം സംസാരിക്കുന്നതിനുള്ള ശേഷി നേടുക. | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തി അനുയോജ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പരിശീലനം. | ആഴ്ചയിൽ 2 ദിവസം | അധ്യാപകർ. ക്ലാസ് ലീഡർ. | |
| ഒരു മാസം നേടിയ ശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു. | മാസത്തിൽ ഒരു ദിവസം 'English fest' നടത്താം. | മാസത്തിൽ ഒരു ദിവസം | ക്ലാസ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ്ബ്. | |

ഉപമേഖല : ഇംഗ്ലീഷ്

പ്രവർത്തനം 2 : ഇംഗ്ലീഷ് തിയറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത – രചനാ ക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ (CPTA കാണിക്കൽ) | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | പി.ടി.എ പ്രാദേശിക സഹായം. |
| | 2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിൽ ഒരിക്കൽ | Club സെക്രട്ടറി English teacher | പി.ടി.എ. |
| | 3) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| | 4) ഇംഗ്ലീഷ് സിനിമാ പ്രവർത്തനം | 2 മാസത്തിൽ | | |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധിക സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ചയിൽ 2 ദിവസം | English teacher | PTA പ്രാദേശികവും |

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | |
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 | | |
| | 3. ഗവേഷണാത്മക പഠനം - സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ. | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ 3 മാസം. | സയൻസ് ക്ലബ്ബ് | |

മേഖല: പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9 ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ കൃഷി വിപുലപ്പെടുത്തൽ. | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ, ജൈവ കൃഷികൾ ചെയ്യുക | ഒരു വർഷം മുഴുവൻ | ഇക്കോ ക്ലബ്ബ് Cub/bulbul | PTA |
| 10 സ്കൂൾ മുറ്റത്തെ ഫലവൃക്ഷ/ഔഷധത്തോട്ടം വിപുലപ്പെടുത്തൽ. | ഫലവൃക്ഷവും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം മനസിലാക്കി ഔഷധത്തോട്ടം വിപുലപ്പെടുത്തൽ, എല്ലാ | 3 മാസം | ഇക്കോക്ലബ്ബ് Cub/bulbul | PTA |
| 11 ഫീൽഡ്ട്രിപ്പുകൾ, അഭിമുഖങ്ങൾ വഴി പരിസ്ഥിതിയെ അറിയൽ | സ്കൂൾ പരിസരത്തുള്ള കൃഷിയിടങ്ങൾ സംരംഭങ്ങൾ തുടങ്ങിയ സന്ദർശിച്ച്, അഭിമുഖം നടത്തി പരിസ്ഥിതിയെ അറിയാം പഠിക്കാം. | 1 വർഷം | ഇക്കോ ക്ലബ്ബ് | |

ഉപമേഖല : ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 7 എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ /മുത്തുകൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ. | ജൂൺ to സെപ്റ്റംബർ | അധ്യാപിക | ഇല്ല. |
| 8 സങ്കലന - വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നൽകാം.<br>• ഗണിതപ്പെട്ടി<br>• ഗണിത ക്വിസ്. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ് |
| 9 ഗുണന വസ്തുതകൾ നേടൽ. | • മഞ്ചാടിക്കളി<br>• ഗണിത വിജയം പ്രവർത്തനങ്ങൾ<br>• ICT games | ഡിസംബർ - ജനുവരി | Class teacher | |
| 10 ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• games - ICT | ജനുവരി ഫെബ്രുവരി മാർച്ച് | അധ്യാപിക. | |

# സെന്റ് ജോർജ് എ എൽ പി സ്കൂൾ കൊളവയൽ

# അക്കാദമിക് മാസ്റ്റർ പ്ലാൻ എൽ പി അറബിക്

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം

3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

5. മാഗസിൻ നിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം<br>പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ .......................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട്<br>ആസ്വദിക്കുന്നു<br><br>മാഗസിൻ<br>നിർമ്മാണം<br><br><br><br><br><br><br><br><br>ദിനാചരണങ്ങൾ<br>പരിചയപ്പെടൽ | ചെറിയ കവിതകൾ<br>കഥകൾ വായിച്ച്<br>അവതരിപ്പിക്കുമ്പോൾ<br>കഥാപാത്രങ്ങൾ<br>ഉപചാരമാക്കുക<br>പുതിയ പദങ്ങൾ<br>എന്നിവ<br>തിരിച്ചറിയുകയും<br>വായിക്കാൻ<br>പരിശീലിപ്പിക്കുകയും<br>ചെയ്യുന്നു<br>ചിത്രങ്ങൾ വരക്കാം<br><br>ഓരോ<br>ദിനാചരണത്തിന്റെയും<br>ഭാഗമായി<br>അറബിയിലുള്ള<br>പ്ലക്കാർഡുൾ നിർമ്മിച്ച<br>ചെറിയ വിവരങ്ങൾ<br>നൽകുന്നു | ചെറിയ<br>കഥാകവിത<br>ബുക്കുകൾ<br>വീടുകളിൽ നൽകി<br>രക്ഷിതാവിന്റെ<br>സഹായത്തോടെ<br>വായിക്കാൻ<br>പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ<br>കണ്ടെത്തി മത്സരം<br>നടത്തുന്നു<br><br>രക്ഷിതാവിന്റെ<br>സഹായത്തോടെ<br>ചിത്രങ്ങൾ<br>വരയ്ക്കുന്നതിനും<br>സഹായം തേടുന്നു | ചിത്രങ്ങൾ<br>അക്ഷരങ്ങൾ<br>പദങ്ങൾ ഉപചാര<br>വാക്കുകൾ കഥ<br>കവിത ശേഖരിച്ചത്<br>ഇവയെല്ലാം<br>ഉൾപ്പെടുത്തി ഒരു<br>മാഗസിൻ<br>നിർമ്മാണം | CPTA | ഡിസംബർ - മാർച്ച്<br><br><br><br><br><br><br><br><br><br><br><br><br>ജൂൺ - മാർച്ച് |